# Official Spokesperson's response to a media query on the recent developments in the India-China Border Areas

September 01, 2020

---

## ഇന്ത്യ -ചൈന അതിർത്തി ഭാഗങ്ങളിൽ അടുത്തിടെയുണ്ടായ സംഭവവികാസങ്ങളെ സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

**സെപ്റ്റംബർ** 01, 2020

ഇന്ത്യ -ചൈന അതിർത്തികളിൽ അടുത്തിടെയുണ്ടായ സംഭവ വികാസങ്ങളെ സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് വിദേശകാര്യമന്ത്രാലയ ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

നിങ്ങൾക്കറിയാവുന്ന പോലെ, ഇന്ത്യ ചൈന അതിർത്തിയിലെ സംഘർഷാവസ്ഥ പരിഹരിക്കുന്നതിന് ഇന്ത്യയും ചൈനയും തമ്മിൽ നയതന്ത്ര സൈനിക മാർഗങ്ങളിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു വിദേശകാര്യ മന്ത്രിമാരും രണ്ടു പ്രത്യേക പ്രതിനിധികളും സാഹചര്യങ്ങൾ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുന്നതിന് സമ്മതിച്ചിരുന്നു. ഇരു വിഭാഗങ്ങളും പ്രകോപനപരമായ പ്രവർത്തങ്ങൾ ഒന്നും തന്നെ ചെയ്യുകയില്ലെന്നും പ്രശ്നങ്ങൾ വിഷമാവസ്ഥയിലേക്ക് നയിക്കുകയില്ലെന്നും ഉഭയകക്ഷി ഉടമ്പടികളും നയങ്ങളും അനുസരിച്ച് സമാധാനവും ശാന്തതയും ഉറപ്പാക്കുന്നതാണെന്നും തീരുമാനിച്ചിരുന്നു.

എന്നിരുന്നാലും ചൈനീസ് ഭാഗം ഈ പരസ്പരധാരണ ലംഘിക്കുകയും ഓഗസ്റ്റ് 29 ,30 തീയതികളിൽ രാത്രി പ്രകോപരമായ സൈനിക നടപടികൾ സ്വീകരിക്കുകയും പാൻഗോങ് തടാകത്തിന്റെ തെക്കൻ തീരത്തെ അധികാര സ്ഥിതി മാറ്റാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ സേന ഇന്നലെ പ്രസ്താവിച്ചത് പോലെ ഇത്തരം പ്രകോപനപരമായ നടപടികൾക്കെതിരെ ഇന്ത്യൻ വിഭാഗം പ്രതികരിക്കുകയും തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശികമായ ഏകോപനം നടത്തുന്നതിനും LOC യിൽ ഉടനീളം ഉചിതമായ പ്രതികരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതിനു പുറമെ, ഇന്നലെ ഓഗസ്റ്റ് 31 ന് ഇരു വിഭാഗങ്ങളിലെയും ഗ്രൗണ്ട് കമാൻഡർമാർ സാഹചര്യം ലഘൂകരിക്കുന്നതിനുള്ള ചർച്ചകളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുമ്പോൾ ചൈനീസ് ട്രൂപ്പുകൾ വീണ്ടും പ്രകോപനപരമായി പ്രവർത്തിക്കുകയായിരുന്നു. സമയോചിതമായ പ്രതികരണ നടപടികൾ സ്വീകരിച്ചതിനാൽ അധികാരസ്ഥിതി മാറ്റുന്നതിനുള്ള ഇത്തരം ശ്രമങ്ങളെ തടയാൻ സാധിച്ചത്.

ഈ വർഷം ആദ്യസമയങ്ങളിൽ ചൈനീസ് ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങളും നടപടികളും

അതിർത്തിയിൽ ശാന്തിയും സമാധാനവും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയ കക്ഷി കരാറുകളുടെയും നയങ്ങളുടെയും വ്യക്തമായ ലംഘനമായിരുന്നു.ഇത്തരം പ്രവർത്തങ്ങൾ ഇരു വിദേശകാര്യ മന്ത്രിമാരും പ്രത്യേക പ്രതിനിധികളും തമ്മിലുണ്ടാക്കിയ ധാരണയ്ക്ക് പൂർണമായും വിപരീതമായിരുന്നു.

അടുത്തിടയുണ്ടായ പ്രകോപനപരവും പരുഷവുമായ നടപടികളെ കുറിച്ച് ചൈനീസ് വിഭാഗത്തെ നയതന്ത്ര സൈനിക മാര്ഗങ്ങളിലൂടെ അറിയിക്കുകയുണ്ടായി കൂടാതെ ഇത്തരം പ്രകോപന നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും അവരുടെ ഫ്രന്റ് ലൈൻ ട്രൂപ്പുകളെ നിയന്ത്രിക്കുകയും അടക്കിനിർത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സമാധാനപരമായ ചർച്ചകളിലൂടെ LAC യുടെ പടിഞ്ഞാറ് പ്രവിശ്യയിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങളും തീർപ്പാക്കുന്നതിനു ഇന്ത്യൻ വിഭാഗം ബദ്ധശ്രദ്ധരാണ്. ഈ പശ്ചാത്തലത്തിൽ , ചൈനീസ് വിഭാഗം മുൻധാരണകളെ സത്യസന്ധമായി അനുസരിക്കുമെന്നും ഇന്ത്യക്കൊപ്പം സാഹചര്യങ്ങൾ പരിഹരിക്കുന്നതിനും അതിർത്തിയിൽ ശാന്തതയും സമാധാനവും പുനഃസ്ഥാപിക്കുന്നതിനു ആത്മാർഥമായി പ്രവർത്തിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ന്യൂ ഡൽഹി

01 സെപ്റ്റംബർ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.